<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 308</u> <u>05-08-2021 - ൽ മറുപടിയ്ക്ക്</u>

<u>വ്യവസായരംഗത്ത് നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായാനുകൂല അന്തരീക്ഷം സംബന്ധിച്ച് ആശങ്കയുണർത്തുന്ന വാർത്തകളുടെ പശ്ചാത്തലത്തിൽ വ്യവസായ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തിയിരുന്നോ; | (എ) | കൂടിക്കാഴ്ച നടത്തിയിരുന്നു. സംസ്ഥാനത്തെ വ്യവസായ പുരോഗതിയും അതുപോലെ സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി വ്യവസായ വകുപ്പ് മന്ത്രി ജില്ലാ അടിസ്ഥാനത്തിൽ നേരിട്ട് സംരംഭകരുമായി ആശയ വിനിമയം നടത്തുന്ന 'മീറ്റ് ദി മിനിസ്റ്റർ' എന്ന പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ട്. നിലവിലെ വ്യവസായ പുരോഗതി വിലയിരുത്തുന്നതിനും, കൂടുതൽ പുരോഗതി കൈവരിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് നിരവധി തവണ കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യവസായ സംഘടനകൾ എല്ലാം തന്നെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്തുണച്ചിട്ടുണ്ട്. |
| (ബി) | പ്രവാസികൾ ഉൾപ്പെടെയുള്ള നിക്ഷേപകരെ ക്ഷണിച്ച് അവർക്ക് സംസ്ഥാനത്ത് നിക്ഷേപം നടത്താനുള്ള അവസരം സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അസെൻഡ് നിക്ഷേപക സംഗമത്തിൽ മുന്നോട്ടുവയ്ക്കപ്പെട്ട അനുയോജ്യമായ പദ്ധതികളിൽ നിക്ഷേപം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | അസെൻറ് ആഗോള നിക്ഷേപ സംഗമത്തിൽ ഉള്ള പ്രൊജക്ടുകൾ യഥാസമയം വേണ്ട സഹായങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ കെ.എസ്.ഐ.ഡി.സി, ഡി.ഐ.സി, കിൻഫ്ര എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി.യിലെ 'ഇൻവെസ്റ്റ്മെന്റ് സെൽ' എന്ന ഡിവിഷൻ പ്രസ്തുത പ്രൊജക്ടുകൾക്ക് വേണ്ട എല്ലാ സഹായങ്ങളും ലഭിക്കുന്നുവെന്നും ഉറപ്പ് വരുത്തുന്നുണ്ട്. അസെന്റ് നിക്ഷേപ സംഗമത്തിൽ വന്നിട്ടുള്ള പ്രോജക്ടുകൾക്ക് അതാത് മേഖലയിലുള്ള നിക്ഷേപകർ നിലവിലുണ്ട്. എന്നിരുന്നാലും പ്രസ്തുത പ്രോജക്ടുകൾക്ക് ആവശ്യാനുസരണം നിക്ഷേപ സഹായം ലഭ്യമാക്കുവാൻ സർക്കാർ |

| | | | |
|---|---|---|---|
| | | | പ്രയത്നിക്കുന്നതാണ്. മാത്രമല്ല നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനും അവർക്ക് വേണ്ട എല്ലാ സഹായം നൽകുവാനും കെ.എസ്.ഐ.ഡി.സി പരിശ്രമിക്കുന്നുണ്ട്. സംസ്ഥാനത്തേക്ക് വരുന്ന എല്ലാ നിക്ഷേപകർക്കും വേണ്ട സഹായങ്ങൾ നൽകുന്ന 'വൺ സ്റ്റോപ്പ് ഷോപ്പ് ' ആയി കെ.എസ്.ഐ.ഡി.സി നിലവിൽ പ്രവർത്തിച്ചുവരുന്നു. |
| (സി) | ഏറെ ആവശ്യകതയുള്ള ഉപഭോക്തൃവസ്തുക്കളുടെ നിർമ്മാണ സാധ്യത പരിഗണിച്ച് എഫ്. എം. സി. ജി. കൾക്കായി പ്രത്യേക വ്യവസായപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | 2021 ജനുവരി 8 ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 'കോമേഴ്സ് മിഷൻ' യോഗത്തിൽ എറണാകുളം വില്ലിംഗ്ടൺ ഐലൻഡിൽ 100 ഏക്കറിൽ എഫ്.എം.സി.ജി കൾക്കായി പ്രത്യേക വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികളെകുറിച്ച് ചർച്ച ചെയ്യുന്നതിനും കൊച്ചി പുതുവൈപ്പിനിലെ 30 ഏക്കർ ഭൂമിയിൽ ഒരു ആഗ്രോ/സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ അന്വേഷിക്കുന്നതിനും കിൻഫ്ര മാനേജിംഗ് ഡയറക്ടറെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർപേഴ്സണുമായി ചർച്ച നടത്തുന്നതിനായി ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റിനേയും, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സിനേയും (ഫിക്കി) ഉൾപ്പെടുത്തി ഒരു വെബിനാർ സംഘടിപ്പിക്കുന്നതിനും കിൻഫ്രയെ ചുമതലപ്പെടുത്തി. ഈ പാർക്കുകളിൽ സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിന് ഫിക്കിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ